(ഡി) 57 മത്സ്യഗ്രാമങ്ങളിലായി കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം എന്നീ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കുടിവെള്ള വിതരണം (57 എണ്ണം)	-	51.39 കോടി രൂപ
വൈദ്യുതീകരണം (57 എണ്ണം)	-	23.03 കോടി രൂപ
സാനിട്ടേഷൻ (20 പബ്ലിക് ടോയ്‌ലറ്റ്, 3525 വ്യക്തിഗത ടോയ്‌ലറ്റുകൾ)	-	11.58 കോടി രൂപ
ലൈബ്രറി സഹായം (32 എണ്ണം)	-	8.99 കോടി രൂപ
ഹൈമാസ്റ്റ് ലൈറ്റുകൾ (104 എണ്ണം)	-	7.79 കോടി രൂപ
ജീവനോപാധി സഹായം (1 മത്സ്യമാർക്കറ്റ്, 1862 വള്ളവും വലയും)	-	8.90 കോടി രൂപ

ട്രോളിംഗ് നിരോധനം

17 (*17) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ട്രോളിംഗ് നിരോധനം അറുപത്തിയൊന്ന് ദിവസമാക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനം സംസ്ഥാനത്തിനും ബാധകമാണോ ; ഇത് എന്ന മുതലാണ് നിലവിൽ വന്നിരുന്നത് ; ട്രോളിംഗ് നിരോധന കാലയളവ് ഉയർത്തിയ തീരുമാനം പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രതിസന്ധിയിലാക്കിയ കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) കേന്ദ്ര സർക്കാരിനെ സമീപിച്ച് തീരുമാനം മാറ്റിയെടുക്കാൻ സാധിച്ചിട്ടുണ്ടോ ; സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ ഭാഗമായി എന്ത് മാറ്റമാണ് കേന്ദ്ര സർക്കാർ വരുത്തിയിരിക്കുന്നത് ; വിശദമാക്കാമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) കേന്ദ്ര ഗവൺമെന്റിന്റെ 10-4-2015-ലെ 30035/15/97 FY(T-1) Vol. IV നമ്പർ ഉത്തരവ് പ്രകാരം വെസ്റ്റ് കോസ്റ്റിൽ (പടിഞ്ഞാറൻ മേഖലയിൽ) ടെറിട്ടോറിയൽ വാട്ടേഴ്സിന് പുറത്ത് ഇന്ത്യയുടെ തനത് സാമ്പത്തിക മേഖലയിലാണ് (12nm-20nm) (EEZ) ജൂൺ 1 മുതൽ ജൂലൈ 31 വരെ 61 ദിവസത്തെ മത്സ്യബന്ധന നിരോധനം ഏർപ്പെടുത്തിയത്. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ട്രോളിംഗ് നിരോധനത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാന സർക്കാർ മത്സ്യബന്ധന നിരോധനം 47 ദിവസം മാത്രമാക്കണമെന്ന് പ്രധാനമന്ത്രിയോടും കേന്ദ്ര കൃഷി മന്ത്രിയോടും അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം പരിഗണിക്കാമെന്നും തീരദേശ സംസ്ഥാന മുഖ്യമന്ത്രിമാരുടെ യോഗം വിളിക്കാമെന്നും കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. ഇപ്പോൾ പരമ്പരാഗത മത്സ്യ തൊഴിലാളികളെ ട്രോളിംഗ് നിരോധനത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

വനത്തിലും വനാതിർത്തിയിലും താമസിക്കുന്നവരുടെ ഉന്നമനത്തിനായി പദ്ധതികൾ

18 (*18) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വനത്തിലും വനാതിർത്തിയിലും താമസിക്കുന്നവരുടെ കഷ്ടനഷ്ടങ്ങൾ കുറയ്ക്കാൻ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) വന്യജീവി ശല്യമുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ഗോത്രവർഗ്ഗ കർഷകരെ മാറ്റി പാർപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) വനത്തിനുള്ളിലെ ഗോത്രവർഗ്ഗക്കാരും മറ്റ് സുഹൃത്തുക്കളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ ഉടനുമോ ; വിശദമാക്കാമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) വനവാസികളുടേയും വനാതിർത്തിയിൽ താമസിക്കുന്ന സമൂഹങ്ങളുടേയും കഷ്ടനഷ്ടങ്ങൾ കുറയ്ക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കി വരുന്നു.

1. കാട്ടാനകളുടെയും മറ്റ് വന്യജീവികളുടേയും ആക്രമണംമൂലമുള്ള കഷ്ടനഷ്ടങ്ങൾ കുറയ്ക്കാൻ വനാതിർത്തിയിൽ പ്രതിരോധ കിടങ്ങുകൾ കഴിയ്ക്കൽ, വൈദ്യുത കമ്പിവേലികൾ സ്ഥാപിക്കൽ, കയ്യാലകളും, ആനപ്രതിരോധ മതിലുകളും നിർമ്മിക്കൽ, ജൈവവേലി വച്ചു പിടിപ്പിക്കൽ, ജീവനും, സ്വത്തിനും വിളവുകൾക്കുമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകൽ, വനവാസികൾക്ക് അപകട ഇൻഷുറൻസ് പരിരക്ഷ, നാട്ടിലിറങ്ങുന്ന വന്യജീവികളെ കാട്ടിലേക്ക് തിരിച്ചയക്കുന്നതിനും, വനാതിർത്തിയിലെ ജനങ്ങൾക്ക് സംരക്ഷണം നൽകുന്നതിനും ദ്രുതകർമ്മസേന രൂപീകരിക്കൽ എന്നിവ.

LIBRARY ARCHIVES Kerala Legislative Assembly